ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആ പ്രദേശം ഒരു പാലത്തിന്റെ അഭാവംകൊണ്ട് വളരെ കഷ്ടപ്പെടുന്ന ഒരു പ്രദേശമാണെന്നുള്ള കാര്യം ഗവൺമെന്റിന് മുൻപുതന്നെ ബോദ്ധ്യമായിട്ടുണ്ട്. പക്ഷേ പഞ്ചായത്ത് റോഡ് ആയതുകൊണ്ട് ഗവൺമെന്റിന് ഏറ്റെടുക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ആർ. എൽ. ഇ. ജി. പി. പദ്ധതിയിൽപ്പെടുത്തി ആ പാലം നിർമ്മിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ 1985-ൽ തന്നെ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 1985-ൽ ആവശ്യപ്പെടുമ്പോഴേ ആ കൊല്ലത്തെ സ്കീം പൂർണ്ണമായി തീരുമാനമായിട്ടുണ്ടാകും. 1986-87-ലെ സ്കീമിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് മറുപടി ഒന്നും കിട്ടിയിട്ടില്ല. രണ്ടാമതും കളക്ടർക്ക് എഴുതുന്നുണ്ട്. ആർ. എൽ. ഇ. ജി. പി. സ്കീമിൽ 9 ലക്ഷം വരുന്ന ഒരു പാലമാണ്. അതുകൊണ്ട് ആ സ്കീമിൽ ഉൾപ്പെടുത്തി പാലം ഉണ്ടാക്കാൻ സാധിക്കും എന്നാണ് വിശ്വസിക്കുന്നത്. അതിന് നിവൃത്തിയില്ലാത്തപക്ഷം പഞ്ചായത്ത് റോഡ് ഗവൺമെന്റ് ഏറ്റെടുത്ത് പാലം ഉണ്ടാക്കേണ്ടിവരും. അതിന് വളരെ താമസം നേരിടും.

(2) കൊടുവള്ളി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി

ശ്രീ. പി. വി. മുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വളരെ പ്രധാനപ്പെട്ട രണ്ടു പാലങ്ങളുടെ നിർമ്മാണത്തെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഒന്ന്, കഴിഞ്ഞ 28 കൊല്ലക്കാലമായി നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കക്കോടി പഞ്ചായത്തിലെ ചെറുകുളം പാലമാണ്. ഇന്ന് അതിന്റെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയിരിക്കുകയാണ്. ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. മറ്റൊന്ന് എം. എൽ. എ. റോഡിൽപ്പെട്ട കത്തർമ്മൽ കടവിൽ കഴിഞ്ഞ 15-ാം തീയതി നിർഭാഗ്യകരമായ ഒരു സംഭവം ഉണ്ടായി. 35 വിദ്യാർത്ഥികളെയുംകൊണ്ട് കടന്നുപോയ ഒരു തോണി പുഴയുടെ മദ്ധ്യത്തിൽവച്ച് പെട്ടെന്ന് മറിഞ്ഞു, മഹാഭാഗ്യംകൊണ്ട് അവരൊക്കെ അത്ഭുതകരമായി രക്ഷപ്പെട്ടു. തക്കസമയത്ത് പത്തഞ്ഞൂറ് നാട്ടുകാർ ഓടിക്കൂടിയതുകൊണ്ടാണ് അവർ രക്ഷപ്പെട്ടത്. ഈ പാലത്തിന്റെ നിർമ്മാണവും വളരെ അടിയന്തിരമായി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, അദ്ദേഹം ആദ്യംപറഞ്ഞ ചെറുകുളം പാലം ഏകദേശം 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഒരു പാലമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തിയാകുന്ന മുറയ്ക്ക് സാമ്പത്തിക പരിമിതികളിൽ നിന്നുകൊണ്ട് കഴിയുന്നതുംവേഗം ചെയ്യാൻ ശ്രമിക്കും. മറ്റേ പാലം ഒരു എം. എൽ. എ. റോഡിൽ പെട്ടതാണ്. ആ റോഡിന്റെ പണി തീരുന്നതോടുകൂടി ആ പാലത്തിന്റെ പണിയും ആരംഭിക്കുവാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

VII. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഇരുപതാമതു റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly